# കമ്പോളബാലിക

മാർക്കറ്റിൽ ഇന്നു കിട്ടാനില്ലാത്ത ഒരു പഴയ മലയാളനോവലാണ് കമ്പോളബാലിക.

എൻ.കെ. കൃഷ്ണപിള്ളയാണ് ഗ്രന്ഥകർത്താവ്. അദ്ദേഹത്തിന്റെ മറ്റൊരു പ്രധാനകൃതി 'കനകമംഗലം' എന്ന നോവലാണ്. നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യകാല പ്രവർത്തകനായിരുന്ന ഗ്രന്ഥകർത്താവ് ആ പ്രസ്ഥാനത്തിന്റെ വളർച്ചയേയും വികസനത്തിനേയും ലക്ഷ്യമാക്കിക്കൊണ്ട് രചിച്ചവയാണ് ഈ രണ്ടു കൃതികളും. ഭവാനി എന്ന അനാഥബാലികയുടെ കഥയാണ് നോവലിൽ വിവരിച്ചിട്ടുള്ളത്. ബന്ധുഗൃഹത്തിൽ മിക്കവാറും ഒരു വേലക്കാരിയെപ്പോലെ കഴിഞ്ഞുവരികയാണ് ഭവാനി. കഥാരംഭത്തിൽ ബന്ധുക്കളായ കാളിപ്പിള്ളയും ഭാര്യ പൊന്നമ്മയും ചാലകമ്പോളത്തിൽ നിന്നും നെല്ലു കൊണ്ടുവന്ന് കുത്തി, അരിയാക്കി പീടികയിൽ തിരിച്ചെത്തിച്ച് കിട്ടുന്ന ആദായം കൊണ്ട് ജീവിച്ചുവന്നവരാണ്. ഈ വക പ്രവർത്തികളിൽ ഭൂരിഭാഗവും ഭവാനിയെക്കൊണ്ടാണ് അവർ ചെയ്യിക്കാറുള്ളത്.

ഒരുനാൾ അരി ചാലകമ്പോളത്തിൽ കൊണ്ടുകൊടുത്ത് വരുന്നതിനിടയ്ക്ക് ഭവാനി ഒരു അപകടത്തിൽ പെടുവാനും അതിൽനിന്ന് പ്രമുഖ കുടുംബാംഗമായ രാമഭദ്രൻതമ്പി എന്ന ആളാൽ രക്ഷപ്പെടാനും ഇടയായി. ഈ സംഭവം ഭവാനിയുടെ ജീവിതത്തിൽ വലിയൊരു മാറ്റത്തിന് തുടക്കം കുറിച്ചു.

രാമഭദ്രൻതമ്പിയും സുഹൃത്തായ രാമക്കുറുപ്പ് എന്ന അഡ്വക്കേറ്റും സമൂഹസേവയിൽ തൽപ്പരരായിരുന്ന രണ്ട് മാന്യവ്യക്തികളാണ്. രാമഭദ്രൻതമ്പി ഭവാനിയെ സ്ത്രീകളുടെ ഹോസ്റ്റലിൽ ചേർത്ത് വിദ്യാഭ്യാസം തുടർന്നുപോകാൻ സഹായിച്ചു.

ചില പ്രത്യേക സംഭവവികാസങ്ങളാൽ ഹോസ്റ്റലിൽ നിന്ന് അജ്ഞാതരായ സാഹചര്യത്തിൽ അപ്രത്യക്ഷമാകാൻ ഇടയായ ഭവാനി വർഷങ്ങൾക്കുശേഷം സിലോണിൽ നിന്ന് ഒരു വലിയ പണക്കാരിയായാണ് നാട്ടിൽ തിരിച്ചെത്തിയത്.

ഒരു കുറ്റൻ ബംഗ്ലാവിൽ താമസമാരംഭിച്ച ഭവാനി പഴയ അഭ്യുദയകാംക്ഷികളായ രാമഭദ്രൻതമ്പിയേയും രാമക്കുറുപ്പിനേയും ഒക്കെയായുള്ള ബന്ധം പുനസ്ഥാപിച്ച് അവരോടും മറ്റ് സമാനചിന്താഗതിക്കാരായ കുറച്ചു വ്യക്തികളോടുമൊത്ത് നവീന ശൈലിയിലുള്ള സാമൂഹ്യസേവനപദ്ധതികൾക്ക് രൂപം കൊടുത്തു.

**പുസ്തകക്ഷേത്രം-8**

**അഡ്വ. പി. രാംദാസ്**

അവരുടെ പ്രസ്ഥാനം തിരുവനന്തപുരം നഗരത്തിൽ വലിയ സംഭാഷണവിഷയമായി. അത് അനുദിനം ഉയർച്ചയിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു.

കമ്പോളബാലികയിൽ വിവരിച്ചിട്ടുള്ള സാമൂഹ്യസേവനപദ്ധതിയുടെ പരിപാടികളും നായർസർവ്വീസ് സൊസൈറ്റിക്ക് മാർഗ്ഗദർശകമാകണം എന്ന ഉദ്ദേശമാണ് ഗ്രന്ഥകർത്താവിന് ഉണ്ടായിരുന്നതെങ്കിലും അത് ഇന്നും പൊതുജനസേവനത്തിന് തല്പരരായിട്ടുള്ളവർക്ക് തികച്ചും പ്രാവർത്തികമാക്കാൻ അനുയോജ്യമാണ്. ഈ സേവനപ്രവർത്തനങ്ങൾ വിവരിക്കുന്നതിന്റെ കൂട്ടത്തിൽ ഭവാനി, രാമഭദ്രൻതമ്പി, രാമക്കുറുപ്പ്, രാമഭദ്രൻതമ്പിയുടെ സഹോദരി എന്നീ പ്രധാന കഥാപാത്രങ്ങളുടെ സ്വകാര്യജീവിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ ഗ്രന്ഥകർത്താവ് വിവരിക്കുന്നുണ്ട്.

അർഹിക്കുന്ന പ്രശസ്തി ഈ നോവലിന് ലഭിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. ഇന്ന് ഗ്രന്ഥകർത്താവിന്റെ മേൽപ്പറഞ്ഞ രണ്ട് പ്രധാനകൃതികളും മാർക്കറ്റിലോ ഗ്രന്ഥശാലകളിലോ ലഭ്യവുമല്ല.

കേരളായൂണിവേഴ്സിറ്റിയുടെ മുൻ വൈസ്ചാൻസലറായിരുന്ന ഡോ. വി.കെ. സുകുമാരൻനായരും മനോരമയുടെ സബ് എഡിറ്ററായിരുന്ന അന്തരിച്ച വി.ബി.സി. നായരും ഗ്രന്ഥകർത്താവായ എൻ.കെ. കൃഷ്ണപിള്ളയുടെ പുത്രന്മാരാണ്. ഏതാനുംവർഷം മുമ്പ് ഇവർ കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ ഈ രണ്ടു നോവലുകളുടെയും (പുനപ്രസിദ്ധീകരണം ലക്ഷ്യമാക്കിയാകാം) പ്രതികൾ ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അയച്ചുകൊടുക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അത് ഫലപ്രദമായില്ലെന്നാണ് അറിവ്.

എന്തായാലും 'കമ്പോളബാലിക', 'കനകമംഗലം' എന്നീ രണ്ട് ആദ്യകാലനോവലുകളും ശ്രദ്ധേയങ്ങളാണെന്നുള്ള വസ്തുത നിസ്തർക്കമാണ്.